MONDAY 21-03-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/03/2022.

1. ആലപ്പുഴ ജില്ലാ ക്ഷീരസംഗമത്തിന്റെ ഉദ്ഘാടനം ഇന്ന് (മാർച്ച് 21-ന്) രാവിലെ 9.30-ന് *വാരനാട് ദേവീക്ഷേത്ര മൈതാനത്ത് വച്ച്* പി.പി ചിത്തരഞ്ജൻ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയും തണ്ണീർമുക്കം ക്ഷീരഗ്രാമത്തിന്റെ ഉദ്ഘാടനം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദും നിർവ്വഹിക്കും. ജില്ലാ ക്ഷീരസംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ക്ഷീരവികസന സെമിനാർ, ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം, ക്ഷീരകർഷകരെ ആദരിക്കൽ, കാർഷിക പ്രദർശനം, അവാർഡ് ദാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

2. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ ടിഷ്യൂ കൾച്ചർ വാഴതൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101, 9745884964** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. ക്ഷീരവികസന വകുപ്പ് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പരിധിയിലുള്ള ക്ഷീരസംഘങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഉറിയാക്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ **വെള്ളനാട് ബ്ലോക്ക് ക്ഷീരകർഷക സംഗമം** ഇന്ന് (മാർച്ച് 21) ഉറിയാക്കോട് സി.എസ്.ഐ ചർച്ച് ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് ക്ഷീരവികസന സെമിനാർ, കന്നുകാലി പ്രദർശനം, ക്ഷീരകർഷകരെ ആദരിക്കൽ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

4. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ 10 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏപ്രിൽ 09 വരെ സമർപ്പിക്കാം. നിർദ്ദേശങ്ങൾ

സമർപ്പിക്കുന്നതിന് മാർച്ച് 09 വരെ നൽകിയിരുന്ന സമയപരിധിയാണ് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം ഏപ്രിൽ 09 വരെ നീട്ടിയിരിക്കുന്നത്. കരടു ബില്ലിന്റെ കോപ്പി https://commerce.gov.in എന്ന കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും http://rubberboard.gov.in എന്ന റബ്ബർ ബോർഡിന്റെയും വെബ് സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in ഇമെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

6. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു മുതൽ 25 വരെ (മാർച്ച് 21 മുതൽ 25 വരെ) പനമരം ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

8. പാലക്കാട് ജില്ലയിലെ പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 21,22,23 (മാർച്ച് 21,22, 23) തീയതികളിൽ **കൂൺ കൃഷി, വിത്തുത്പാദനം, സംസ്കരണം** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0466-2912008, 0466-2212279, 6282937809** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 22,23 (മാർച്ച് 22,23) തീയതികളിൽ രാവിലെ 10.00 മണി മുതൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സ്വീകരിച്ച സർട്ടിഫിക്കറ്റ്, ആധാർ കാർഡ്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവ കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491 – 2815454** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### മൃഗപരിപാലന നിർദ്ദേശങ്ങൾ

10. വേനൽക്കാലത്ത് വളർത്തുമൃഗങ്ങളെ പരിപാലിയ്ക്കുമ്പോൾ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നു.

വളർത്തുമൃഗങ്ങൾക്ക് എപ്പോഴും ശുദ്ധമായ വെള്ളം കുടിക്കാൻ ലഭ്യമാക്കുക. കന്നുകാലികളെ രാവിലെ 9 മണിയ്ക്ക് മുമ്പോ വൈകിട്ട് നാലുമണിയ്ക്കു ശേഷമോ മാത്രം മേയാൻ വിടുക. തീറ്റയിൽ ബൈപാസ് പ്രോട്ടീനുകളും വിറ്റാമിനുകളും ധാതുലവണമിശ്രിതങ്ങളും ചേർത്തു നൽകുക. മുപ്പതുഗ്രാം സോഡാപ്പൊടിയും ഒരു ടീസ്പൂൺ ഈസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്തു നൽകുന്നത് പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ് പലപ്പോഴും കൂടുതൽ കാലിത്തീറ്റ നൽകുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നു. ഇത് വയറ്റിലെ അമ്ലത വർദ്ധിപ്പിക്കുകയും ദഹനക്കേടിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇത് ഒഴിവാക്കുന്നതിനായി 30 ഗ്രാം സോഡാപ്പൊടിയും (സോഡിയം ബൈ കാർബണേറ്റ്) ഒരുടീസ്പൂൺ ഈസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്ത് ദിവസവും നൽകാവുന്നതാണ്. ആമാശയത്തിലെ അമ്ലത നിയന്ത്രിക്കുവാൻ സോഡിയബൈകാർബണേറ്റും മഗ്നീഷ്യംഓക്സൈഡും 3:1 എന്ന അനുപാതത്തിൽ ചേർത്ത് കാലിത്തീറ്റയിൽ 1 മുതൽ 1 മുതൽ $1\frac{1}{2}$ ശതമാനംവരെ നൽകാവുന്നതാണ്. ചൂട് കാലത്ത് അതിരാവിലെ കറവയ്ക്ക് മുമ്പും രാത്രി 7 മണിയ്ക്ക് ശേഷവും കാലിത്തീറ്റ അഥവാ ഖരാഹാരം നൽകുന്നതാണ് ഉത്തമം.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം